PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969

(Second Meeting)

Tuesday, the 21st October, 1969

Vol. XXV] OFFICIAL REPORT [No. 28

The Assembly met in the Assembly Chamber, Trivandrum, at eight of the clock on Tuesday, the 21st October, 1969, with Mr. Dy. Speaker in the Chair.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ഈ സഭയിലെ ഒരംഗമായ ശ്രീ. പി. ഗോവിന്ദപ്പിള്ള ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി ഒരു അവിശ്വാസപ്രമേയത്തിനു നോട്ടീസ് കൊടുത്തതും ആ നോട്ടീസിന്റെ അടിസ്ഥാനത്തിൽ അവിശ്വാസപ്രമേയത്തിനു തീർച്ച വരുന്നതുവരെ ബഹുമാനപ്പെട്ട സ്പീക്കർ നിയമസഭാനടപടികളും നിയന്ത്രിക്കുന്നതിനു ഇവിടെ ഹാജരാകുകയില്ല എന്നു പറഞ്ഞിരുന്നതുമായ വസ്തുത ബഹുമാനപ്പെട്ട സഭ ഓർക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട പി. ഗോവിന്ദപ്പിള്ള സ്പീക്കർക്കെതിരായി കൊടുത്തിരുന്ന അവിശ്വാസപ്രമേയത്തിനുള്ള നോട്ടീസ് പിൻവലിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ സഭാനടപടികളുടെ നിയന്ത്രണം ഏറ്റെടുക്കുന്നതിനു ഇപ്പോഴത്തന്നെ സഭയിൽ ഹാജരാകുന്നതും അദ്ദേഹം സഭാനടപടികളുടെ നിയന്ത്രണം പൂർണ്ണമായും ഏറ്റെടുക്കുന്നതുമാണ്.

ശ്രീ. ബേബി ജോൺ: സർ, ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി അദ്ദേഹത്തെ സ്പീക്കർസ്ഥാനത്തുനിന്നും നീക്കംചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട പി. ഗോവിന്ദപ്പിള്ള പ്രമേയം അവതരിപ്പിക്കുന്നതിനു നോട്ടീസ് നൽകിയിരുന്നു. അദ്ദേഹം പ്രസ്തുത നോട്ടീസ് പിൻവലിച്ചുകൊണ്ട് എഴുതി അയച്ചത്, ബഹുമാനപ്പെട്ട സഭാനേതാവ് ആവശ്യപ്പെട്ടതനുസരിച്ചാണ് അങ്ങനെ ചെയ്തിട്ടുള്ളതെങ്കിലും പിൻവലിക്കാൻ തീരുമാനിച്ചത് സാഗതാർഹമായ ഒരു നടപടിയാണ്. അതിനു ഞാൻ ശ്രീ. ഗോവിന്ദപ്പിള്ളയെ അനുമോദിക്കുകയാണ്. പക്ഷെ ഈയവസരത്തിൽ ഒരു വസ്തുത അറിയാൻ എനിക്കാഗ്രഹമുണ്ട്. ആ നോട്ടീസിന്റെ കൂടെ അദ്ദേഹം ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി ചില ആരോപണങ്ങളും ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട സഭാനേതാവ് പറഞ്ഞതുകൊണ്ട് നോട്ടീസ് പിൻവലിക്കുന്നു എന്നു പറയുമ്പോൾ ഈ സഭയ്ക്ക് അറിയാൻ അവകാശമുണ്ട് സർ, ബഹുമാനപ്പെട്ട പി. ഗോവിന്ദപ്പിള്ള ഈ സഭാനാഥന്റെ പേരിൽ ഉന്നയിച്ചിരുന്ന ആരോപണങ്ങൾകൂടി പിൻവലിക്കുന്നുണ്ടോ ഇല്ലയോ എന്ന്. അതിനെക്കുറിച്ചൊന്നും പറയാതെ സഭാനേതാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബേബി ജോൺ]

വിന്റെ അഭിപ്രായത്തെ ആദരിച്ച് നോട്ടീസ് പിൻവലിക്കുന്നു എന്നു പറയുമ്പോഴും സഭാനാഥന്റെ പേരിലുള്ള ആരോപണങ്ങൾ അവശേഷിക്കുന്നു എന്നുള്ളതുകൊണ്ട് അക്കാര്യം വ്യക്തമായി അറിയാൻ എനിക്ക് ആഗ്രഹമുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ശ്രീമാൻ ബേബി ജോൺ പറഞ്ഞതിനു പുറമെ എനിക്ക് ഒരു കാര്യംകൂടി പറയാനുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ, ഈ സഭയിൽ ഗോവിന്ദപ്പിള്ള അവിശ്വാസപ്രമേയത്തിനു നോട്ടീസ് കൊടുത്തതിന്റെ അടുത്ത ദിവസം, സഭയിൽ പ്രഖ്യാപിച്ചത് അദ്ദേഹത്തിന്റെ സ്ഥാനത്തിന് അനുസരണമായ രീതിയിൽ ചുമതല നിർവ്വഹിക്കുന്നതിന് പ്രയാസമാണെന്നാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ ഈ നടപടിയെ ഞാൻ അനുകൂലിക്കുകയാണ്. തന്റെ മേൽ ആരോപണങ്ങൾ വന്നതുകൊണ്ട് അദ്ദേഹത്തിനു സഭാനടപടികൾ നിയന്ത്രിക്കുന്നതിന് പറ്റുകയില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഞാൻ ബഹുമാനപ്പെട്ട സ്പീക്കറെ പിന്താങ്ങുകയാണ്. പക്ഷെ ഇപ്പോൾ ആ ആരോപണങ്ങൾ പിൻവലിച്ചിട്ടുണ്ടോ എന്ന് സഭയെ അറിയിക്കേണ്ടിയിരുന്നു. തീർച്ചയായും ശ്രീ. ബേബി ജോൺ പറഞ്ഞിട്ടുള്ളതുപോലെ സഭാനേതാവായ മുഖ്യമന്ത്രി ആവശ്യപ്പെട്ടതുകൊണ്ട് പ്രമേയം പിൻവലിക്കാൻ നിയമപരമായി സാദ്ധ്യതയില്ലെന്നു സൂചിപ്പിക്കുന്നില്ലെങ്കിലും ബഹുമാനപ്പെട്ട സ്പീക്കർ ഗൗരവമായ ഈ അവിശ്വാസപ്രമേയത്തെ കണക്കിലെടുത്തുകൊണ്ട് ഭാഗികമായി, കുറെ കാര്യങ്ങൾ ചെയ്തു എന്നുള്ളതുകൊണ്ട് തീർച്ചയായും ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ ബഹു. മെമ്പർ പിൻവലിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളത് ഗൗരവമായ ഒരു സംഗതിയാണ്. അങ്ങനെ പിൻവലിക്കുന്നില്ലെങ്കിൽ പ്രമേയം പിൻവലിക്കാൻ ഈ സഭ അനുമതി കൊടുക്കുന്നതു തെറ്റാണ്. സ്പീക്കറുടെ ചേമ്പറിൽവെച്ച് മന്ത്രിസഭയെ മറിച്ചിടാനുള്ള ഗൂഢാലോചന നടത്തി എന്നുവരെയുള്ള ഗുരുതരമായ ആരോപണങ്ങൾ വന്നിരിക്കുന്ന സ്ഥിതിക്ക് അതു പിൻവലിക്കുന്നുണ്ടോ എന്നുള്ളത് അറിയാതെ ശ്രീ. ഗോവിന്ദപ്പിള്ളയുടെ നോട്ടീസ് പിൻവലിക്കാൻ അനുവദിക്കുന്നത് ശരിയായിരിക്കുകയില്ല.

ഡെപ്യൂട്ടി സ്പീക്കർ: നിയമസഭാനടപടിച്ചട്ടമനുസരിച്ച് ഈ സഭയിൽ ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിനുള്ള നോട്ടീസാണ് ബഹുമാനപ്പെട്ട ഗോവിന്ദപ്പിള്ള കൊടുത്തിരുന്നത്. അദ്ദേഹം അതുസഭയിൽ മൂവുചെയ്തിട്ടില്ല. സഭയുടെ നടപടിക്രമമനുസരിച്ചുതന്നെ അദ്ദേഹം അതു പിൻവലിക്കുന്നു എന്നുള്ളതും ശരിയാണ്. പിൻവലിക്കുന്ന കാര്യത്തിൽ സഭയുടെ അനുവാദം ആവശ്യമില്ലാത്തതാണ്. ബഹുമാനപ്പെട്ട സ്പീക്കർക്കെതിരായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ കൂടി അദ്ദേഹം പിൻവലിച്ചിട്ടുണ്ടോ എന്നുള്ളത് അവ്യക്തമാണ്. അദ്ദേഹം അവതരിപ്പിക്കുന്നില്ല എന്നു പറഞ്ഞിട്ടുണ്ട്. അതിൽ പ്രിവിലേജ് പ്രശ്നം ഉണ്ടോ എന്നുള്ള കാര്യമാണെങ്കിൽ അതു വേറെ തരത്തിൽ ഉന്നയിക്കേണ്ടതാണ്. ഇപ്പോൾ അതിനെക്കുറിച്ച് ഒരു ചർച്ചയുടെ ആവശ്യമില്ല.

ശ്രീ. ടി. എ. മജീദ്: സർ, ചർച്ചയല്ല. ഈ സഭയുടെ പ്രിവിലേജിന്റെ പ്രശ്നമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: അതിനു വേറെ നടപടിക്രമങ്ങളുണ്ട്. അതനുസരിച്ചു ചെയ്തുകൊള്ളണം. അതല്ലാതെ ഈ സഭയിൽ എഴുന്നേറ്റു നിന്നു പറയാൻ ഇപ്പോഴം സാദ്ധ്യമല്ല. ബഹുമാനപ്പെട്ട സ്പീക്കർ സഭാനടപടികളം നിയന്ത്രിക്കുന്നതാണ്.

[The Hon. Speaker now occupied the Chair]

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട സഭാംഗങ്ങളെ,

കഴിഞ്ഞ രണ്ടാഴ്ചക്കാലമായി സഭാനടപടികളം നിയന്ത്രിക്കുവാൻ ഞാൻ ഇവിടെ വരുന്നില്ല എന്ന ഒരു തീരുമാനം എടുത്തതിന്റെ പുറകിലുണ്ടായിരുന്ന കാര്യങ്ങളെ സംബന്ധിച്ചൊന്നും ഈ സന്ദർഭത്തിൽ ഞാൻ പറയുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നില്ല. കാരണം എനിക്ക് വളരെയധികം കാര്യങ്ങളം പറയാനുള്ളത് പറയാൻ തക്ക സന്ദർഭമാണ് ഉണ്ടായിരുന്നതെങ്കിലും ആ സന്ദർഭം ഇന്ന് ഇല്ലാതെയാണിരിക്കുന്നത്. മാത്രമല്ല ഞാൻ തുടർന്ന് ഇവിടെ സ്പീക്കറായിട്ട് ഇരിക്കാനും പോകുകയാണ്. അതുകൊണ്ട് ആർക്കെങ്കിലും അലോഹ്യം ഉണ്ടാക്കത്തക്ക രീതിയിൽ ആരെയെങ്കിലും വേദനിപ്പിക്കത്തക്ക രീതിയിൽ അന്യോന്യം സംസാരിക്കുന്നതു ശരിയായിരിക്കുകയില്ലെന്നുള്ളതുകൊണ്ട് അക്കാര്യങ്ങളിലേക്കൊന്നും ഞാൻ പോകാൻ ആഗ്രഹിക്കുന്നില്ല. ഇതിനു മുമ്പ് ഞാനും ഈ സഭയും തമ്മിൽ ഉണ്ടായിരുന്നതായ ഏറ്റവും സൗഹാർദ്ദപരമായ ബന്ധം പുനഃസ്ഥാപിച്ചു എന്നു ഞാൻ വിശ്വസിക്കുകയാണ്. ആ ബന്ധത്തിന് ഒരു കോട്ടവും ശ്രീ. ഗോവിന്ദപ്പിള്ള ഒരു നോട്ടീസ് കൊടുത്തിട്ടുള്ളതുകൊണ്ടു മാത്രം ഉണ്ടായിട്ടുണ്ടെന്നും ഞാൻ വിശ്വസിക്കുന്നില്ല. ആ ബന്ധം സൗഹാർദ്ദപരമായി പുനഃസ്ഥാപിച്ചുകൊണ്ടു മുന്നോട്ടു പോകാൻ ഞാൻ സദാ സന്നദ്ധനാണ്. ബഹുമാനപ്പെട്ട സഭാംഗങ്ങളെല്ലാം ഇതിനുമുമ്പ് കഴിഞ്ഞ രീതിയിൽ മുന്നോട്ടു പോകുന്നതിനുവേണ്ടി എന്നോടു സഹകരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. നിങ്ങളിൽനിന്നുണ്ടാകുന്ന സഹകരണമനോഭാവം അതേ രീതിയിൽ അതേ അളവിൽത്തന്നെ എന്നിൽനിന്നും തീർച്ചയായും ഉണ്ടായിരിക്കുമെന്നും നിങ്ങൾക്ക് അങ്ങേയറ്റം വിശ്വസിക്കാം. ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി പറയണമെന്നു ഞാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ രണ്ടാഴ്ചക്കാലമായി ഞാൻ ഇവിടെ ഇല്ലായിരുന്ന സന്ദർഭത്തിൽ സഭാനടപടികളം നിയന്ത്രിക്കുന്ന ചുമതലയിലേർപ്പെട്ടിരുന്നത് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ജാഫർഖാൻ ആണ്. അദ്ദേഹം ഈ സഭയിൽ ആദ്യമായി വരുന്ന ഒരു ബഹുമാനപ്പെട്ട മെമ്പർ ആണ് എന്നിരുന്നാൽപോലും ഈ സഭാനടപടികളം നിയന്ത്രിക്കുന്ന ഭാരിച്ച ചുമതല എല്ലാപേരുടേയും തൃപ്തിക്കനുസരണമായ രീതിയിൽ കൈകാര്യം ചെയ്തു എന്ന് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. തീർച്ചയായും അദ്ദേഹം അഭിനന്ദനം അർഹിക്കുന്നുണ്ട്. ഇതിൽ കൂടുതലായി ഈ സന്ദർഭത്തിൽ ഒന്നും പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഈ സഭയുടെ പാരമ്പര്യവും നാം തമ്മിൽ ഇതിനു മുമ്പു കഴിഞ്ഞുകൂടിയതായ അന്തരീക്ഷവും പുനഃസ്ഥാപിച്ചുകൊണ്ട് സൗഹാർദ്ദപരമായ രീതിയിൽ മുന്നോട്ടു പോകുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്.

ശ്രീ. ടി. വി. തോമസ്: സഭാനടപടികളം നിയന്ത്രിക്കുന്നതിന് ഭരണകക്ഷിയിൽപ്പെട്ട മാർക്സിസ്റ്റ് അംഗങ്ങളുടെ സഹകരണം അങ്ങേയ്ക്കു കിട്ടിയിട്ടില്ലെന്ന് അങ്ങു ചെയ്ത പരസ്യപ്രസ്താവന ഇപ്പോഴും അങ്ങനെതന്നെ ശേഷിക്കുന്നുണ്ടെന്നു ഞാൻ വിശ്വസിക്കട്ടെ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതെല്ലാം ഒരു പഴയ അദ്ധ്യായമാണ്. അതെല്ലാം ഞാൻ ക്ലോസു ചെയ്തിരിക്കുകയാണ്. അങ്ങോട്ടു വീണ്ടും പോയാൽ വളരെയധികം ദൂരം നമ്മൾ പോകേണ്ടതായിവരും. അത് ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല.

ശ്രീ. ജോസഫ് ചാഴിക്കാടൻ: ശ്രീ. ഗോവിന്ദപ്പിള്ള അവിടെത്തന്നെയുണ്ടോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. ഗോവിന്ദപ്പിള്ള അവിടെത്തന്നെയുണ്ടാകും.

I. QUESTION OF PRIVILEGE

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഒരു പ്രിവിലേജ് മോഷനു ശ്രീ. കരുണാകരൻ നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹം പറയുന്നത്—

A Sub Committee appointed by the Business Advisory Committee of the Assembly to sift out from the Assembly Proceedings such of the specific irregularities committed by the Health Minister as were voiced in the House and which called for enquiry, made out a list of 12 irregularities and that list was forwarded to Government for taking action. But the enquiry ordered by the Chief Minister as could be gathered from the terms of reference does not cover all the irregularities contained in the list but only two or three. It is the privilege of the Assembly to get its decisions accepted and acted upon by Government. But now, since the Chief Minister has not fully acted upon the verdict of the House, a breach of privilege has been committed by him. I am therefore raising this important question as one requiring the intervention of the Assembly.

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്): സർ, അങ്ങേയ്ക്കു അറിയാവുന്നതുപോലെ ഈ സഭാനടപടികളുടെ കാര്യത്തെ സംബന്ധിച്ചും എന്തിനെ സംബന്ധിച്ചാണ് അന്വേഷണം നടത്തേണ്ടതെന്നുമുള്ളതിനെ സംബന്ധിച്ചും അങ്ങയുടെ നിർദ്ദേശം കിട്ടണമെന്നു ഞാൻ അങ്ങയോടു പറയുകയുണ്ടായി. അങ്ങനെ നിർദ്ദേശം കിട്ടാതെ സഭയിൽ വന്ന ആരോപണങ്ങളും മുഴുവൻ അന്വേഷിക്കണമെന്നുള്ള പൊതുപ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സ്പെസിഫിക് ടേംസ് ഓഫ് റഫറൻസ് പ്രൊഡ്യൂസ് ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്നു ഞാൻ അങ്ങയോടു പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ആദ്യം ഇവിടെ മേശപ്പുറത്തു വെച്ചിട്ടുള്ള കടലാസുകളും എനിക്ക് അയച്ചുതന്നിട്ടുള്ളത്. അതു 16-ാം തീയതി രാത്രിയാണ്. അതേത്തുടർന്ന് 17-ാം തീയതി രാത്രിയാണ് സബ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള രേഖകളും എനിക്കു കിട്ടിയിട്ടുള്ളത്. എന്നാൽ 16-ാം തീയതി കിട്ടിയിട്ടുള്ള പേപ്പറുകളുടെ അടിസ്ഥാനത്തിൽ ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കി ഓർഡറിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കി അതു ഫൈനലൈസ് ചെയ്യാനുള്ള ഏർപ്പാടായിക്കഴിഞ്ഞിരുന്നു. സബ് കമ്മിറ്റിയുടെ രേഖകൾ 17-ാം തീയതി രാത്രി വളരെ വൈകിയിട്ടാണ് കിട്ടിയിട്ടുള്ളത്. 18-ാം തീയതി വൈകുന്നേരത്തിനു മുമ്പുതന്നെ ഓർഡർ പാസ്സാക്കേണ്ടതുമാണ്. അതുകൊണ്ട് 17-ാം തീയതി രാത്രി കിട്ടിയിട്ടുള്ള ആ രേഖകൾ ഓർഡർ പാസ്സാക്കുന്നതിനു മുമ്പ് എനിക്കു പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. അല്ലാതെ സബ് കമ്മിറ്റിയുടെ റിപ്പോർട്ടു

LIBRARY ARCHIVES Kerala Legislative Assembly